## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 398** **20-07-2022 - ൽ മറുപടിയ്ക്ക്**

## റവന്യൂ വകുപ്പിന്റെ ആധുനികവല്ക്കരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പൊതുജനങ്ങളുമായി ഏറ്റവും കൂടുതൽ സമ്പർക്കം പുലർത്തുന്ന വകുപ്പെന്ന നിലയിൽ റവന്യൂ വകുപ്പിന് ലഭിക്കുന്ന അപേക്ഷകളും പരാതികളും സമയബന്ധിതമായി തീർപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റവന്യൂ വകുപ്പിന് ലഭിക്കുന്ന അപേക്ഷകളും പരാതികളും വിവിധ ഓൺലൈൻ സേവനങ്ങൾ മുഖേന സമയബന്ധിതമായി തീർപ്പാക്കി വരുന്നു. |
| (ബി) | വിവിധ ഓഫീസുകളിൽ പല കാരണങ്ങളാൽ തീർപ്പാക്കാതെ കിടക്കുന്ന ഫയലുകൾ അടിയന്തരമായി തീർപ്പ് കല്പിക്കുവാൻ വേണ്ടി ആരംഭിച്ച ഫയൽ അദാലത്ത് പരിപാടിയുടെ പുരോഗതി വിശദമാക്കുമോ; | (ബി) | കോവിഡ് സാഹചര്യം സർക്കാർ ഓഫീസുകളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്ന വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ 2022 ജൂൺ 15 മുതൽ 2022 സെപ്റ്റംബർ 30 വരെ നീണ്ടു നിൽക്കുന്ന ഫയൽ അദാലത്ത് യജ്ഞം സംഘടിപ്പിക്കാൻ തീരുമാനിച്ചുകൊണ്ട് 04.06.2022-ലെ സ.ഉ.(കൈ)നം.11/2022/പി & ആർ.ഡി. പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ആയത് പ്രകാരം റവന്യൂ വകുപ്പിൽ 7 തലങ്ങളിലായി ജൂലൈ 1-ന് വില്ലേജാഫീസുകളിൽ തുടങ്ങി സെപ്റ്റംബർ 30-ന് സെക്രട്ടേറിയറ്റിൽ അവസാനിക്കുന്ന തരത്തിലാണ് ഫയൽ അദാലത്ത് സംഘടിപ്പിക്കുന്നത്. കുടിശ്ശിക ഫയലുകളുടെ വിവരശേഖരണാർത്ഥം നിശ്ചിത പ്രൊഫോർമ പ്രകാരം ഗൂഗിൾ ഷീറ്റ് തയ്യാറാക്കി അതത് റവന്യൂ കാര്യാലയങ്ങളിലെ ഫയലുകളുടെ കാലയളവ് തിരിച്ച് തരം തിരിവിൽ എൻട്രി നടത്തിയിട്ടുണ്ട്. വിവര സമാഹരണാത്തോടൊപ്പം തന്നെ അതത് കാര്യാലയങ്ങളിൽ ഫയൽ തീർപ്പാക്കൽ യജ്ഞവും യുദ്ധകാലാടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ ലാൻഡ് ട്രൈബ്യൂണലുകൾ ഉൾപ്പെടെയുള്ള ഓഫീസുകളിൽ ദീർഘകാലമായി തീർപ്പാകാതെ കിടക്കുന്ന കേസുകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് പ്രത്യേക | (സി) | സംസ്ഥാനത്തെ ലാൻഡ് ട്രൈബ്യൂണലുകളിൽ തീർപ്പാക്കാൻ ശേഷിക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള നിരവധി കർമ്മ പദ്ധതികൾ സർക്കാർ നടപ്പാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | അദാലത്തുകൾ നടത്തേണ്ട സാഹചര്യം പരിശോധന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | | സംസ്ഥാനത്ത് അപേക്ഷകൾ കൂടുതലുള്ള തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ ജില്ലകളിലെ ലാന്റ് ട്രൈബ്യൂണൽ ജീവനക്കാർക്ക് ഫയൽ തീർപ്പാക്കൽ സംബന്ധിച്ച് പരിശീലനം നൽകിയിട്ടുള്ളതാണ്. സർക്കാരിന്റെ ഒന്നാം നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി 13514 പട്ടയങ്ങളും വിതരണം ചെയ്തു. രണ്ടാം നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി 39586 ലാൻഡ് ട്രൈബ്യൂണൽ കേസുകൾ തീർപ്പാക്കുകയും 41021 പട്ടയങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. കൂടാതെ പട്ടയ വിതരണം ത്വരിതപ്പെടുത്തുന്നതിനായി ഇ-പട്ടയം എന്ന ആശയം നടപ്പിലാക്കുകയും ചെയ്തു. ഒന്നാം നൂറു ദിന കർമ്മ പദ്ധതിയിലും, രണ്ടാം നൂറു ദിന കർമ്മപദ്ധതിയിലും സ്വീകരിച്ച മിഷൻ മോഡിലുള്ള അദാലത്തുകൾ ഇനിയും തുടരുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. തുടർന്നും ഇതേ മാതൃകയിൽ മിഷൻ മോഡ് പദ്ധതികൾ ആരംഭിച്ച് ലാൻഡ് ട്രൈബ്യൂണലുകളുടെപ്രവർത്തനം ലക്ഷ്യപ്രാപ്തിയിലെത്തിക്കുവാൻ സാധിക്കുന്നതാണ്. |
| (ഡി) | വകുപ്പിലെ ഫയലുകളും അപേക്ഷകളും യഥാസമയം തീർപ്പാക്കുന്നതിന് റവന്യൂ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം സഹായകരമായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | റവന്യൂ വകുപ്പിന്റെ പ്രവർത്തന ശൈലിയിൽ അടിമുടി മാറ്റം വരുത്തുവാൻ ശ്രമിക്കുന്നതിനാണ് റവന്യൂ സെക്രട്ടേറിയറ്റ് എന്ന സംവിധാനത്തിന് രൂപം കൊടുത്തിട്ടുള്ളത്. റവന്യൂ വകുപ്പിലെ ഫയലുകളും അപേക്ഷകളും യഥാസമയം തീർപ്പാക്കുന്നതിന് റവന്യൂ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം വളരെയേറെ സഹായകമായിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങളൊഴികെയുള്ള എല്ലാ ബുധനാഴ്ചകളിലും റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ലാന്റ് റവന്യൂ കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മീഷണർ, കെസ്സിക് ഡയറക്ടർ, ഐ.എൽ.ഡി.എം ഡയറക്ടർ, സർവ്വെ ഡയറക്ടർ, ഹൗസിംഗ് കമ്മീഷണർ, ലാന്റ് ബോർഡ് സെക്രട്ടറി, എന്നീ ഒമ്പത് പേർ റവന്യൂ സെക്രട്ടേറിയറ്റ് യോഗം ചേരുകയും വകുപ്പിനെ സംബന്ധിച്ച വിഷയങ്ങൾ അപഗ്രഥനാവിധേയമാക്കുകയും ചെയ്തു വരുന്നു. അതുവഴി അടിയന്തിര പരിഹാരം വേണ്ടവയിൽ ഉചിത നടപടികൾ സ്വീകരിക്കുന്നതിന് വേണ്ട നിർദ്ദേശം അതത് കാര്യാലയ മേധാവികൾക്ക് സമയബന്ധിതമായി നൽകാനും കഴിയുന്നു. ഇതിനകം തന്നെ ക്രിയാത്മക നടപടികളിൽ റവന്യൂ വകുപ്പ് ബഹുദൂരം മുന്നിലെത്തി കഴിഞ്ഞിട്ടുണ്ട്. കോവിഡാനന്തരം 04.08.2021-ലെ റവന്യൂ സെക്രട്ടേറിയറ്റിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2021 സെപ്തംബർ മാസത്തിൽ സെക്രട്ടറിയേറ്റ് തലത്തിലും ഒക്ടോബർ 1 മുതൽ 10 |

| | | | |
|---|---|---|---|
| | | | വരെ കമ്മീഷണറേറ്റ് തലത്തിലും 11 മുതൽ 31 വരെ ജില്ലാ തലത്തിലും നവംബർ മാസത്തിൽ താലൂക്ക് തലത്തിലും ഡിസംബർ മാസത്തിൽ വില്ലേജ് തലത്തിലും ഫയൽ അദാലത്ത് നടത്തുവാൻ സാധിച്ചു. റവന്യൂ വകുപ്പിൽ വർഷങ്ങളായി തീർപ്പാക്കാൻ അവശേഷിക്കുന്നവയും അടിയന്തര പ്രാധാന്യമുള്ളവയുമായ ഫയലുകൾ നിശ്ചിത കാലയളവിനുള്ളിൽ തീർപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ടി അദാലത്ത് സംഘടിപ്പിച്ചത്. 31.08.2021 വരെയുള്ള കുടിശ്ശിക ഫയലുകളാണ് അദാലത്തിന് പരിഗണിച്ചിരുന്നത്. ടി തീയതി വരെ ഉണ്ടായിരുന്ന 14,96,830 ഫയലുകളിൽ 2,62,182 ഫയലുകൾ അദാലത്ത് മുഖേന തീർപ്പാക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിനകം 43 റവന്യൂ സെക്രട്ടേറിയറ്റുകൾ ചേർന്നിട്ടുണ്ട്. |
| (ഇ) | റവന്യൂ വകുപ്പിന്റെ ആധുനികവല്കരണത്തോടെ ഫയലുകളിൻമേൽ സുതാര്യവും നീതിപൂർവ്വകവുമായ തീരുമാനങ്ങൾ വേഗത്തിൽ കൈക്കൊള്ളുന്നതിന് കഴിയുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | റവന്യൂ വകുപ്പിന്റെ ആധുനികവൽക്കരണത്തോടെ ഫയലുകളിന്മേൽ സുതാര്യവും നീതിപൂർവ്വകവുമായ തീരുമാനങ്ങൾ വേഗത്തിൽ കൈക്കൊള്ളുന്നതിനും വകുപ്പിനെ ശാക്തീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും കഴിയുന്നുണ്ട്. സംസ്ഥാനത്തെ മുഴുവൻ റവന്യൂ സംവിധാനങ്ങളും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന്റെ ഭാഗമായി എല്ലാ റവന്യൂ ഓഫീസുകളിലും സുതാര്യവും നീതിപൂർവ്വകവുമായ ഫയൽ നീക്കത്തിനായി ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി വരികയാണ്. ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് 14 ജില്ലാ കളക്ടറേറ്റ് 27 ആർ.ഡി.ഒ. ഓഫീസുകൾ 62 താലൂക്ക് ഓഫീസുകൾ 309 വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിൽ നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്. നാല് ജില്ലകൾ ഇതിനോടകം പൂർണ്ണമായും ഇ-ജില്ലകളായി മാറി കഴിഞ്ഞു. നാല് ജില്ലകൾ ഇതിനോടകം പൂർണ്ണമായും ഇ-ജില്ലകളായി മാറി കഴിഞ്ഞു. കൂടാതെ 04-06-2022-ലെ സ.ഉ(പി)നം.62/2022/ധന പ്രകാരം റവന്യൂ വകുപ്പിലെ അടിസ്ഥാന ഓഫീസുകളായ വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി വിനിയോഗിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ